നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1962/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം ജില്ല

തീയതി:16-11-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെല്ലനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെല്ലനാട് ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഭാഗം 3ലെ 3-1, 3-2 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/ 1962/16 തീയതി:16/11/16

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക

ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-10-15മുതൽ 21-10-16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ റാൻഡം സാംപ്ലിംഗ് നടത്തി പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ജമാലുദ്ദീൻ.എ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| | | | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.10.2016 മുതൽ 01.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | | |
| | | ശ്രീ.ജി.സാബു | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.എം.എൽ.ലേഖ | ഓഡിറ്റർ(സീ.ഗ്രേഡ്) |
| | | ശ്രീ.എസ് .സുജേഷ്<br>ശ്രീ.വി.ആർ.അരുൺദേവ് | ഓഡിറ്റർ(സീ.ഗ്രേഡ്)<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | ശ്രീമതി.അനിത മഹേശൻ | 01.04.2015മുതൽ 31.10.2015 വരെ |
| | | | ശ്രീ.സുജിത്.എസ്.കുറുപ്പ് | 19.11.2015 മുതൽ 31.03.16 വരെ |
| സെക്രട്ടറി | : | | ശ്രീ.എസ്.ബാബു | 01.04.2015മുതൽ27.07.15 വരെ |
| | | | ശ്രീ.കെ.വി.സുരേഷ് | 27.07.2015 മുതൽ 31-03-16 വരെ |
| വി.ഇ.ഒ<br>ഹെഡ്മാസ്റ്റർ | | | ശ്രീമതി.ചിത്ര<br>ശ്രീ.എ.സലിം | 01.04.2015മുതൽ31.03.16 വരെ<br>09.07.2015 മുതൽ 31.03.16 വരെ |
| ഹെഡ്മിസ്ട്രസ് | | | ശ്രീമതി.ഗീതാകുമാരി | 01.04.2015 മുതൽ 08-07-15 വരെ |
| വെറ്ററിനറി സർജൻ | | | ഡോ.ഡി.ജയചന്ദ്രൻ | 01.04.2015മുതൽ31.03.16 വരെ |
| അസി.എഞ്ചിനീയർ<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി<br>മെഡിക്കൽ ഓഫീസർ<br>കൃഷി ഓഫീസർ | | | ശ്രീമിതി.സരോജദേവി<br>ശ്രീ.ജ്യോതിസ്<br>ഡോ.സലിം<br>ഡോ.ആനി അലോഷ്യസ്<br>ഡോ.അന്ന തോമസ്<br>ശ്രീ.സെയ്ദലവി കോയ | 01.04.15മുതൽ19.07.2015 വരെ<br>20.07.15മുതൽ31.03.2016 വരെ<br>01.04.2015മുതൽ31.05.15 വരെ<br>01.06.2015മുതൽ 22.11.15 വരെ<br>23.11.15മുതൽ31.03.2016 വരെ<br>01.04.2015മുതൽ31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | | | ഡോ.കെ.വി.ബൈജു | 01.04.15മുതൽ10.02..16 വരെ |

| | | | | |
|---|---|---|---|---|
| ആയുർവേദം | | | | |
| | | | ഡോ.ജാക്വിലിൻ | 11.02.16മുതൽ 31.03.2016 വരെ |
| അസി.സെക്രട്ടറി | | | ശ്രീമതി.ഷീജാമോൾ<br>ശ്രീ.അനിൽകുമാർ<br>ശ്രീമതി.എം.മുഹമ്മദ് ഷെരീഫ് | 01.04.15മുതൽ21.07.2015 വരെ<br>24.08.15 മുതൽ 31.09.15 വരെ<br>01.10.15 മുതൽ 31.03.16 വരെ |
| | | | | |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |

| | | | |
|---|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |
| | ഭാഗം 2 | | |
| 12 | പരസ്യ നികുതിയിനത്തിൽ വരവില്ല | 2.1 | |
| 13 | മൊബൈൽ ടവറുകൾ- വസ്തു നികുതി ഈടാക്കുന്നില്ല | 2-2 | |
| 14 | മൊബൈൽ ടവറുകൾ- വസ്തു നികുതി ഈടാക്കിയില്ല | 2-3 | |
| 15 | തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കാൻ നടപടിയില്ല. | 2-4 | |
| 16 | പരസ്യ നികുതി- ലേല തുക പൂർണ്ണമായും ഒടുക്കു വരുത്തിയില്ല | 2-5 | |
| 17 | ഷോപ്പിംഗ് കോംപ്ലക്സ്- കുടിശ്ശിക ഈടാക്കിയില്ല | 2-6 | |
| | ഭാഗം 3 | | |
| 18 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ അധിക നിരക്ക് അനുവദിക്കുന്നു | 3-1 | |
| 19 | മരുന്ന് വാങ്ങൽ പദ്ധതി- ചെലവ് തുകയുള്ള മുഴുവൻ തുകയും ലഭ്യമാക്കിയില്ല. | 3-2 | |
| 20 | ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താവിന് ഭവന നിർമ്മാണ ധനസഹായം നൽകി- സർക്കാർ സാധൂകരണം തേടേണ്ടതാണ്. | 3-3 | |
| 21 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്- പൊതുഅപാകതകൾ | 3-4 | |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-5 | |
| 23 | അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം | 3-6 | |

| | | | |
|---|---|---|---|
| 24 | ഓഡിറ്റ് ഇംപാക്ട് | 3-7 | |
| | ഭാഗം 4 | | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം(ഉണ്ടെങ്കിൽ) | 4.1 | |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4.2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്(ഉണ്ടെങ്കിൽ) | 4.3 | |
| 28 | വായ്പ വായ്പ തിരിച്ചടവ് | 4.4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 30 | ഓഡിറ്റ് റിക്കവറി | 4.6 | |
| 31 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികളുടെ വിശദാംശം | 4.7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015 തിയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 205213258 രൂപയും പ്രതീക്ഷിത ചെലവ് 194939200 രൂപയും പ്രതീക്ഷിത നീക്കിയിരിപ്പ് 10274058 രൂപയുമാണ്. ബജറ്റ് ഫങ്ഷൻ ഫങ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31-07-16 | 28-07-16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 40425138

വരവ് - 51806018

ആകെ - 92221256

ചെലവ് - 64373568

നീക്കിയിരിപ്പ് - 27847687

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് (ആർ.പി 40 B പ്രകാരം) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2527791 | 740867 | 3268658 | 11745499 | (-)8476841 | 0 |
| വികസനഫണ്ട് എസ്.സി.പി. | 2960462 | 2948922 | 5909384 | 4421175 | +(1488209) | 0 |
| വികസനഫണ്ട് ടി.എസ്.പി. | 9000 | 0 | 9000 | 0 | +(9000) | |
| സംരക്ഷണഗ്രാന്റ് റോഡ് | 4796105 | 14071261 | 18867366 | 18867366 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1520486 | 1710096 | 3230582 | 3230582 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3494347 | 6395849 | 9890196 | 6314564 | +(3575632) | 0 |
| എം.എൻ.ആർ. ഇ. ജി. എസ്. | 18011 | 504246 (EFMS-25474665) | 522257 (EFMS-25474665) | 519934 (EFMS-25474665) | 0 | 2323 |
| SSA | 539204 | 83784 | 622988 | 62000 | 0 | 560988 |
| സാക്ഷരത | 35314 | 991 | 36305 | 33700 | 0 | 2605 |
| ICDS | 0 | 277363 | 277363 | 277363 | 0 | 0 |
| ബി ഫണ്ട് | 0 | 836425 (DBT 38604100) | 836425 (DBT 38604100) | 836425 (DBT 38604100) | 0 | 0 |
| VPFA 1 | 11293822 | 7540803 | 18834625 | 5529654 | 0 | 13304971 |
| തനത് ഫണ്ട് | 9354621 | 13547973 | 22902594 | 8925794 | 0 | 13976800 |
| ക്യാഷ് | 462075 | 0 | 462075 | 4620175 | 0 | 0 |
| ആകെ | 40425138 | 51806018 | 92221256 | 64373569 | 0 | 27847687 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 100267778 | 160 | 49949476 | 1 | 23 | 87 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ<br>തൊഴിൽ നികുതി | 4030475 | 4080480 | 50005 | 1.24 |
| കെട്ടിട നികുതി | 5878572 | 4564509 | (-)1314063 | (-)22.35 |
| പരസ്യ നികുതി | 33000 | 23000 | (-)10000 | (-)30.30 |
| വിനോദ നികുതി | 19125 | 26342 | 7217 | 37.73 |
| നികുതിയേതര വരവുകൾ<br>ലേലം | 358714 | 675000 | 316286 | 88.17 |
| ഷോപ്പിംഗ് കോംപ്ലക്സ് | 1818570 | 2415843 | 597273 | 32.84 |
| മറ്റ് വരവുകൾ | 873566 | 1538069 | 664503 | 76.06 |
| ഡി ആന്റ് ഓ ലൈസൻസ് | 142850 | 224730 | 81880 | 57.31 |
| ആകെ | 13154872 | 13547973 | 393101 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 807840 | 900 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3586200 | 433 |
| വിധവാപെൻഷൻ | 14284000 | 1383 |
| വാർദ്ധക്യകാലപെൻഷൻ | 16875000 | 2172 |
| വികലാംഗപെൻഷൻ | 3322100 | 315 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 0 | 0 |
| അവിവാഹിതരായ അമ്മമാർക്കുള്ള ധനസഹായം | 536800 | 53 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

21-10-2016 ലെ ആകെ വരവ് തുക അന്നേ ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തിയതിനാൽ 22-10-16 ൽ ക്യാഷ് ബാലൻസ് ഇല്ലായിരുന്നു.

## 1 - 10 പഞ്ചായത്ത് കമ്മിറ്റി മിനിട്സ് പരിപാലനത്തിലെ വീഴ്ച

1995 ലെ കേരള പഞ്ചായത്ത് രാജ് (യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(6) പ്രകാരം പഞ്ചായത്ത് യോഗത്തിൽ പാസ്സാക്കിയ എല്ലാ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ പഞ്ചായത്ത് അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. കൂടാതെ പ്രസ്തുത ചട്ടത്തിലെ ചട്ടം 10 പ്രകാരം അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻതന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതാണ്. നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ നിലവിൽ ഉപയോഗിച്ച വരുന്ന കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 21-07-2016, 11-08-16, 23-08-16, 25-08-16,29-09-16, 21-10-16 എന്നീ തീയതികളിൽ ചേർന്ന കമ്മിറ്റി യോഗങ്ങളുടെ മിനിട്സ് ഓഡിറ്റ് തീയതി വരെയും (22-10-16) രേഖപ്പെടുത്തിയിട്ടില്ല.പ്രസ്തുത കാലയളവിൽ 29-09-16 ലേതൊഴികെ തീരുമാന രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത തീയതികളിൽ പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്നിരുന്നോ? എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടത്. കമ്മിറ്റിയുടെ 21-07-16 ലെ കമ്മിറ്റി യോഗത്തിന്റെ 2-(21), 2-(22), 2-(33) എന്നീ നമ്പർ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് കരട് കുറിപ്പിലും രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി മിനിട്സ് ബുക്ക്, തീരുമാന രജിസ്റ്റർ എന്നിവ കാലികമാക്കി എഴുതി സൂക്ഷിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/25-10-16) മറുപടി ലഭ്യമാക്കിയില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-10-16 മുതൽ 07-10-16 വരെ | 01-09-16 മുതൽ 31-09-16 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-04-14 | 2009-10മുതൽ 2013-14 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി ആന്റ് ഓ ലൈസൻസ് ഫീ- പുതുക്കുന്നതിൽ വീഴ്ച

2014-15 ൽ ലൈസൻസ് ലഭിച്ച ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ 2015-16 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല. യഥാസമയം ലൈസൻസ് പുതുക്കി നൽകാത്തത് ഡി ആന്റ് ഓ ലൈസൻസ് ഫീസിനത്തിൽ നഷ്ടം ഉണ്ടാകാൻ കാരണമാകുന്നുണ്ട്. 2014-15 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും 73 സ്ഥാപനങ്ങൾ റാൻഡം സെലക്ഷൻ നടത്തിയതിൽ 54 സ്ഥാപനങ്ങളും 2015-16 ൽ ലൈസൻസ് പുതുക്കി നൽകിയിട്ടില്ലെന്ന് പഞ്ചായത്ത് മറുപടി നൽകി. വിശദാംശം ചുവടെ

| ക്രമനം | വ്യാപാരം നടത്തുന്നയാളിന്റെ പേരു വിവരം | വ്യാപാര സ്ഥാപനം | വാർഡ് നമ്പർ |
|---|---|---|---|
| 1 | എസ്.അജിത് കുമാർ, പുത്തൻവിള വീട് | പിയാജിയോ ആപേ ഷോറും | 1 |
| 2 | വി.ബിജു, ബിജുഭവൻ, ആനചൽ | ഹോട്ടൽ സീലാന്റ് | 1 |
| 3 | രാജേന്ദ്രൻ, കളിയിൽ വിളാകത്ത് വീട് | തൈക്കാട് റസ്റ്റോറൻറ് | 1 |
| 4 | സജികുമാർ.ഡി.എസ്, കാവുവിള, വാമനപുരം | സ്റ്റീൽ ഇൻഡ്യ എന്റർപ്രൈസസ് | 1 |
| 5 | ശ്രീജിത്ത്-രാജേഷ്, മേലേകുഴിവിളവീട് | കാർ അക്സസ്സറീസ് | 1 |
| 6 | തങ്കമണി, രാജീവം, വയ്യേറ്റ് | ഫർണിച്ചർ കട | 1 |
| 7 | ഉപേന്ദ്രൻ.ജെ, കിഴക്കേ പേരുവിളവീട്, തോട്ടവാരം | കെ.എം.എം ഫ്രൂട്ട് സ്റ്റാൾ | 1 |
| 8 | വിനോദ്.വി, വിനിത ഭവൻ, വയ്യേറ്റ് | ബേക്കറി ആന്റ് ഫ്രൂട്ട് സ്റ്റാൾ | 1 |
| 9 | നാരായണപിള്ള, താഴവിള, വയ്യേറ്റ് | മഹേശ്വരി സ്റ്റോർ | 1 |

| | | | |
|---|---|---|---|
| 10 | രാജേഷ്.എസ്, മാരിയത്ത് പുത്തൻ വീട് | കാർ അക്സസ്സറീസ് | 1 |
| 11 | പി.പ്രസാദ്, കളിയിൽവീട്, കല്ലുവിളാകം | സ്റ്റേഷനറി | 1 |
| 12 | രാജേഷ് സോമനാഥൻ<br>സായ്ഭവൻ, മയ്യനാട്, തട്ടാമല | സാരഥി ഓട്ടോകാഴ്സ് | 1 |
| 13 | ഉപേന്ദ്രൻ.ജെ, കിഴക്കേപേരുവിള വീട്, തോട്ടുവാരം | ബേക്കറി ആന്റ് ഫ്രൂട്സ് | 1 |
| 14 | ദാവൂദ്.എൻ, ദാനാ ഹൌസ് | ഹോം അപ്ലൈയൻസസ് | 1 |
| 15 | വിശാഖ്.വി.ആർ, ഉത്രം | ജിപ്സം വർക്സ് | 1 |
| 16 | ശ്രീകല, ലക്ഷ്മി നിവാസ് | ഫർണിച്ചർ കട | 1 |
| 17 | സനൽകുമാർ, കുഴിവിളവീട് | ഫർണിച്ചർ വിൽപ്പന | 1 |
| 18 | എ.സബീന, എം.വി.പി ഹൌസ് | ഹോട്ടൽ ജനത | 1 |
| 19 | രാജേഷ്.വി.ആർ, താഴവിള വീട്, വയ്യേറ്റ് | മൊബൈൽ ഷോറും | 1 |
| 20 | റോഷ് ലാൽ, നവാസ് മൻസിൽ | ലാൽ മെഡിക്കൽസ് | 1 |
| 21 | സനൽകുമാർ.വി.കെ, വിശ്വവിഹാർ | ഹാർഡ് വെയർ | 1 |

| | | | |
|---|---|---|---|
| 22 | രതീഷ്.ഓ.കെ, രതീഷ് ഭവൻ, പാലാംകോണം | മൊബൈൽ ആക്സസ്സറീസ് | 1 |
| 23 | പ്രദീപ്, ഓംശാന്തി നിവാസ് | ഗോൾഡ് കവറിംഗ് | 1 |
| 24 | നിശാന്ത്.പി.കെ, വയ്യേറ്റ് വീട് | കേബിൾ ടി.വി | 1 |
| 25 | ജി.ജനാർദ്ദനൻ, സീതാ കോട്ടേജ് | സരസ്വതി വെസ്സൽസ് | 1 |
| 26 | കെ.മോഹനൻനായർ, കെ.ജി.ഭവൻ | മെഡിക്കൽ സ്റ്റോർ | 1 |
| 27 | റീജ.എൻ.ആർ, ലിഖിതം | ഗലേറിയ കോട്ടൺസ് | 1 |
| 28 | കെ.രാധാകൃഷ്ണൻ, വൃന്ദാവനം | മുരളി ടെക്സ്റ്റൈൽസ് | 1 |
| 29 | സീതാ ദേവി, തിരുവാതിര നിവാസ്, നിലയ്ക്കാമുക്ക് | കൃപാ ഫാഷൻ ജ്വവല്ലറി | 1 |
| 30 | ശാരിക, സോപാനം | ഹോമിയോ ക്ലിനിക് | 2 |
| 31 | പ്രശോഭനൻ, ഊറ്റുകുഴി വീട് | സ്റ്റേഷനറി | 2 |
| 32 | സക്കീർ ഹുസൈൻ, ഏ.കെ ഹൌസ് | സ്റ്റേഷനറി ആന്റ് കൂൾബാർ | 2 |
| 33 | രാധാകൃഷ്ണൻ നായർ, അമ്മവീട്, ഗണപതിപ്പുര | അമ്മ ഡ്രൈവിംഗ് സ്കൂൾ | 2 |

| | | | |
|---|---|---|---|
| 34 | ജയശീല, ആദിത്യ ഭവൻ | ഐശ്വര്യ സ്റ്റോർ | 2 |
| 35 | ബിന്ദുമോൾ, സോപാനം | ഡി.റ്റി.പി സെന്റർ | 2 |
| 36 | എസ്.ഉണ്ണികൃഷ്ണൻ, ത്രിവേണി | കൺസ്ട്രക്ഷൻ മെറ്റീരിയൽസ് | 2 |
| 37 | എൻ.ആർ.രാജേഷ്, രാജേഷ് ഭവൻ, വെള്ളിയന്നൂർ.പി.ഓ | സൌന്ദര്യ ലേഡീസ് ബ്യൂട്ടി | 2 |
| 38 | രമേഷ്, മഹാലക്ഷ്മി ഭവൻ, മുക്കന്നൂർ | ഇലക്ട്രിക്കൽ ഗോഡൌൺ | 2 |
| 39 | തോമസ് കോശി, വട്ടപ്പറമ്പിൽ, ഭഗവതിക്കോണം | സെന്റ് തോമസ് ഫ്ലവർമിൽ | 2 |
| 40 | വിജയകുമാർ, തിരുവോണം, ആലന്തറ | കാർത്തിക ഓഫ് സൈറ്റ് | 3 |
| 41 | ശ്രീകുമാർ, ഇരപ്പിൽ വീട് | വെൽഡിംഗ് വർക്ക് ഷോപ്പ് | 3 |
| 42 | ശശിധരൻ നായർ, എസ്.എൽ.ഭവൻ | റബ്ബർ വ്യാപാരം | 3 |
| 43 | ജയപാൽ, അമ്പാടി | പ്രോവിഷൻ സ്റ്റോർ | 3 |
| 44 | സെക്രട്ടറി, പാലന്തറ മിൽക്ക് സൊസൈറ്റി | മിൽക്ക് സൊസൈറ്റി | 3 |
| 45 | സുനിൽകുമാർ, ചായറകുന്നിൽ ചരുവിളവീട് | വെൽഡിംഗ് വർക്ക്ഷോപ്പ് | 4 |

| | | | |
|---|---|---|---|
| 46 | ഗീതാകുമാരി, എസ്.ജി നിവാസ് | എസ്.ജി റൈസ് ആന്റ് ഫ്ലവർ മിൽ | 4 |
| 47 | എസ്.ബേബി അമ്മ, ചെറുകരവീട് | സ്റ്റേഷനറി ആന്റ് പ്രൊവിഷൻ സ്റ്റോർ | 4 |
| 48 | നാസറുദ്ദീൻ, നാസർ മൻസിൽ | വെൽഡിംഗ് വർക്ക് ഷോപ്പ് | 5 |
| 49 | N.ഗിരിജ, ചന്തവിള വീട്, നെല്ലനാട് | പ്രൊവിഷൻ സ്റ്റോർ | 6 |
| 50 | വി.ശശിധരൻ നായർ, കളിയിൽവീട് | വർക്ക് ഷോപ്പ് | 6 |
| 51 | ഷിജു.എ.വി, എസ്.എസ് മൻസിൽ | ഹോട്ടൽ | 8 |
| 52 | മണികണ്ഠൻ നായർ, എച്ച്.എസ് നിവാസ് | ടയർ വർക്ക് ഷോപ്പ് | 8 |
| 53 | സുരേഷ്.ബി, വിളയിൽവീട്, കാവറ | സാമിൽ | 8 |
| 54 | എം.എച്ച്.ഷാജി, ബൈത്ത്-അൽ-നൂർ | ടയർ പാലസ് | 8 |

ഡി ആന്റ് ഓ ലൈസൻസ് പുതുക്കി നൽകുന്നതിൽ നീതീകരിക്കാനാകാത്ത പിഴവ് ഗ്രാമപഞ്ചായത്തിന് സംഭവിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലഭ്യമാകേണ്ടിയിരുന്ന തനത് വരുമാനത്തിൽ ഇതു മൂലം ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 2-2 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ ചട്ടം 16(2)പ്രകാരം പെർമിറ്റിന് അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം

അതിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതും അല്ലാത്ത പക്ഷം അപേക്ഷകന് താൻ നൽകിയ അപേക്ഷ,പ്ലാൻ എന്നിവ അംഗീരിച്ചതായി കണക്കാക്കി നിർമ്മാണവുമായി മുൻപോട്ട് പോകാവുന്നതുമാണ്. . എന്നാൽ ചുവടെപ്പറയുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചതായി കാണുന്നില്ല. അപേക്ഷകൻ പെർമിറ്റ് ഫീ ഒടുക്കാതിരിക്കുയോ മറ്റെന്തെങ്കിലും ന്യൂനതകൾ അപേക്ഷയിലുണ്ടാവുകയോ ചെയ്യുന്ന പക്ഷം ആയത് ടിയാനെ രേഖമൂലം സമയബന്ധിതമായി അറിയിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/26-10-16) എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിലെ കാലതാമസമാണ് പെർമിറ്റ് നൽകാൻ വൈകുന്നതെന്ന് സെക്രട്ടറി മറുപടി നൽകി.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ നൽകിയ തീയതി | പെർമിറ്റ് അനുവദിച്ച് നൽകേണ്ട തീയതി | പെർമിറ്റ് അനുവദിച്ച് നൽകിയ തീയതി |
|---|---|---|---|---|
| 1 | ശ്രീ.വാസുദേവൻ ആശാരി, ശ്രീമതി.ഉഷാകുമാരി<br>(A4-164/9444/15) | 16-12-15 | 15-01-16 | 05-02-16 |
| 2 | ശ്രീ.ജയറാം, ശ്രീമതി.ആര്യ<br>(A4-163/9443/15) | 16-12-15 | 15-01-16 | 05-02-16 |
| 3 | ശ്രീ.എം.സലിം<br>(A4-137/8945/15) | 26-11-15 | 25-12-15 | 29-01-16 |
| 4 | ശ്രീമതി.അസീന<br>(A4-133/8725/15) | 16-11-15 | 15-12-15 | 27-01-16 |
| 5 | ശ്രീ.ജോഷ്.എസ്<br>(A4-232/2120/16) | 09-03-16 | 08-04-16 | 02-05-16 |
| 6 | ശ്രീ.രാജീവ് കുമാർ,<br>ശ്രീമതി.സിന്ധു.സി.നായർ<br>(A4-124/8325/15) | 17-10-15 | 16-11-15 | 16-12-15 |
| 7 | ശ്രീ.അയൂബ്<br>(A4-68/5313/15) | 25-06-15 | 24-07-15 | 16-09-15 |
| 8 | ശ്രീ.ദിലീപ്<br>(A4-108/7782/15) | 29-09-15 | 28-10-15 | 15-02-16 |

## 2-3 മൊബൈൽ ടവറുകൾ- വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 7 മൊബൈൽ ടവറുകളിൽ നിന്നായി 43623 രൂപ 2015-16 കാലയളവിൽ പിരിഞ്ഞുകിട്ടാനുണ്ട്. പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കാൻ നടപടിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. രജിസ്റ്റർ പ്രകാരം 2015-16 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

(എ) തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | ജോസ് ആലൂകാസ് കസ്റ്റമർ കെയർ സർവീസ് സെന്റർ | 2015-16 രണ്ടാം അർദ്ധവർഷം |
| 2. | ജോയ് ആലൂകാസ് | 2015-16 രണ്ടാം അർദ്ധവർഷം |
| 3. | സൗത്ത് ഇന്ഡ്യൻ ബാങ്ക് | 2015-16 രണ്ടാം അർദ്ധവർഷം |
| 4 | അനുപമ ഹോസ്പിറ്റൽ | 2015-16 ഒന്നാം അർദ്ധവർഷം |
| 5 | മാവേലി സ്റ്റോർ | 2015-16 ഒന്നാം അർദ്ധവർഷം |
| 6 | കൺസ്യൂമർ ഫെഡ് | 2015-16 ഒന്നാം അർദ്ധവർഷം |
| 7 | ത്രിവേണി ഗോഡൗൺ (കൺസ്യൂമർ ഫെഡ്) | 2015-16 ഒന്നാം അർദ്ധവർഷം |
| 8 | ത്രിവേണി സൂപ്പർമാർക്കറ്റ് | 2015-16 ഒന്നാം അർദ്ധവർഷം |
| 9 | ഗവ.പോളിടെക്നിക്ക് കോളേജ് | 2015-16 ഒന്നാം അർദ്ധവർഷം |
| 10 | പോപുലർ വെഹിക്കിൾസ് & സർവീസസ് പ്രവറ്റ് ലിമിറ്റഡ് | 2015-16 ഒന്നാം അർദ്ധവർഷം |

(ബി) സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | ജോസ് ആലൂകാസ് കസ്റ്റമർ കെയർ സർവീസ് സെന്റർ | 2015-16 രണ്ടാം അർദ്ധവർഷം |
| 2. | ജോയ് ആലൂകാസ് | 2015-16 രണ്ടാം അർദ്ധവർഷം |
| 3 | സൗത്ത് ഇഡ്യൻ ബാങ്ക് | 2015-16 രണ്ടാം അർദ്ധവർഷം |
| 4 | സെട്രൽ ബാങ്ക് | 2015-16 ഒന്നും രണ്ടും അർദ്ധവർഷം |
| 5 | അനുപമ ഹോസ്പിറ്റൽ | 2015-16 ഒന്നാം അർദ്ധവർഷം |
| 6 | മാവേലി സ്റ്റോർ | 2015-16 ഒന്നും രണ്ടും അർദ്ധവർഷം |
| 7 | കൺസ്യൂമർ ഫെഡ് | 2015-16 ഒന്നാം അർദ്ധവർഷം |
| 8 | ത്രിവേണി ഗോഡൗൺ (കൺസ്യൂമർ ഫെഡ്) | 2015-16 ഒന്നാം അർദ്ധവർഷം |
| 9 | ത്രിവേണി സൂപ്പർമാർക്കറ്റ് | 2015-16 ഒന്നാം അർദ്ധവർഷം |
| 10 | കീഴായിക്കോണം ഭാരത് പെട്രൊളിയം | 2015-16 രണ്ടാം അർദ്ധവർഷം |
| 11 | അഹല്ല്യ കാഷ്യൂ ഫാക്ടറി | 2015-16 ഒന്നാം അർദ്ധവർഷം |
| 12 | എസ്.ബി.ഐ | 2015-16 ഒന്നാം അർദ്ധവർഷം |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ / വ്യക്തികളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധ ഇക്കാര്യത്തിൽ

ക്ഷണിക്കുന്നു.

## 2-5 പരസ്യ നികുതി- ലേല തുക പൂർണ്ണമായും ഒടുക്കു വരുത്തിയില്ല

2015-16 വർഷത്തെ ലേല ഡയറി പ്രകാരം 20-03-15 ൽ നടന്ന പരസ്യ നികുതി ലേലത്തിൽ ഏറ്റവും കൂടിയ തുകയായ 69000 രൂപയ്ക്ക് ലേലം വിളിച്ച ശ്രീ.സുരേഷ് കുമാർ എന്ന വ്യക്തിക്ക് ലേലം അനുവദിച്ച് നൽകി. രജിസ്റ്റർ പ്രകാരം ശ്രീ.സുരേഷ് കുമാർ 33000 രൂപയാണ് നാളിതുവരെ ഒടുക്കു വരുത്തിയത്. ലേല തുകയിൽ ബാക്കിയുള്ള 36000 രൂപ പിഴപ്പലിശ സഹിതം ലേലക്കാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രസ്തുത ലേലം അനുവദിച്ച് നൽകിയ കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ്, സോൾവൻസി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. എം.സി റോഡ്, ആറ്റിങ്ങൽ-പൊന്മുടി സ്റ്റേറ്റ് ഹൈവേ എന്നീ സുപ്രധാന റോഡുകൾ കടന്നുപോകുന്നതും ഒട്ടനവധി വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും നഗര സ്വഭാവമുള്ളതുമായ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിൽ പരസ്യ നികുതിയുടെ സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 2-6 ഷോപ്പിംഗ് കോംപ്ലക്സ്- കുടിശ്ശിക ഈടാക്കിയില്ല

2015-16 വർഷം പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകിയതിൽ ചുവടെപ്പറയുന്ന വ്യക്തികളിൽ നിന്നും വാടകയിനത്തിൽ കുടിശ്ശികയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/31-10-16) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| പേര് | മാസവാടക | കുടിശ്ശിക |
|---|---|---|
| ശ്രീ.തങ്കപ്പൻ പിള്ള, അജിത് ഭവൻ, വെഞ്ഞാറമൂട് | 3675@5 | 18375 |
| കണ്ണൻ, ശിവോദയം | 2625@5 | 13125 |
| അമ്പിളി,രാജേഷ് ഭവൻ, കോട്ടുകുന്നം | 313@3 | 939 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ അധിക നിരക്ക് അനുവദിക്കുന്നു

2015-16 വർഷത്തെ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ, റോഡ് കോൺക്രീറ്റിംഗിലെ ചുവടെപ്പറയുന്ന ഇനത്തിൽ അധിക നിരക്ക് അനുവദിച്ചതായി കാണുന്നു.

സിമന്റ് കോൺക്രീറ്റ് 1:2:4 (1 cement, 2 course sand, 4 graded stone aggregate 20mm nominal size) എന്ന ഇനത്തിൽ കോൺക്രീറ്റ് വർക്കിന്റെ ഡി.എസ്.ആർ കോഡ് ആയ 4.1.3 പ്രകാരമുള്ള നിരക്ക് ആണ് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കോൺക്രീറ്റ് വർക്കിനത്തിന് ഡി.എസ്.ആർ കോഡ് ആയ 11.7 പ്രകാരമുള്ള നിരക്ക് (ഫ്ലോറിംഗിന് അനുവദനീയമായ ) അനുവദിച്ചതായി കാണുന്നു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | പ്രോജക്ടിന്റെ നമ്പരും പേരും | അനുവദനീയമായ തുക | അനുവദിച്ച തുക | അധികം തുക |
|---|---|---|---|---|
| 1 | 158/16<br>മണലിമുക്ക് മക്കാംകോണം റോഡ് കോൺക്രീറ്റ്<br>(നിർവ്വഹണം- ഗുണഭോ.സമിതി) | 23.49m3@6790.81=<br>159516.13 | 23.49@7154.68=<br>168063.43 | 8547.30 |
| 2 | 65/16<br>മുക്കുന്നൂർ നീർച്ചാലിൽ അക്കരവിള റോഡ് സൈഡ് കോൺക്രീറ്റിംഗ് | 5.95m3@6790.81<br>=40405.32 | 5.95m3@7154.68<br>=42784.98 | 2379.66 |
| 3 | 176/16<br>ശാരദാമഠം റോഡ് കോൺക്രീറ്റിംഗ് | 14.44m3@6790.81<br>=98059.29 | 14.44m3@7154.68<br>=103313.57 | 5254.28 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 16/31-10-2016) വീതി കുറഞ്ഞ റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിനാൽ Wearing Coat Concreting നിർബന്ധമാണെന്നും ഡി.എസ്.ആർ 11.7 എന്നത് Pavement Concrete ന്റെ ഐറ്റം കൂടിയാണെന്നും ഇക്കാരണത്താലാണ് പ്രസ്തുത നിരക്ക് അനുവദിച്ചതെന്നും മറുപടി നൽകി.

റോഡ് കോൺക്രീറ്റിംഗ് പ്രവർത്തിക്ക് ഡി.എസ്.ആർ കോഡ് 4.1.3 യുടെ നിരക്ക് പര്യാപ്തമാണ്. ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളുടെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കും സിമന്റ് കോൺക്രീറ്റ് 1:2:4 (1 cement, 2 course sand, 4 graded stone aggregate 20mm nominal size) എന്ന ഇനത്തിൽ ഡി.എസ്.ആർ കോഡ് 4.1.3 പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. ഡി.എസ്.ആർ കോഡ് 11.7 ലെ നിരക്ക് ഫ്ലോറിംഗിന് ബാധകമായവയാണ്. തന്മൂലം അധികം തുക ചെലവഴിക്കാനിടയാകുന്നു. ഈ വിഷയത്തിലേക്ക് സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 മരുന്ന് വാങ്ങൽ പദ്ധതി- ചെലവ് തുകയ്ക്കുള്ള മുഴുവൻ തുകയ്ക്കും ലഭ്യമാക്കിയില്ല.

(എ) പ്രോജക്ട് നമ്പർ - എസ് 00 33/15 (ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ)

| | |
|---|---|
| അടങ്കൽ തുക | - 200000/- |
| ചെലവ് തുക | - 200000/- (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - മെഡിക്കൽ ഓഫീസർ ( ആയുർവേദം) |
| ബിൽ നമ്പർ, തീയതി | - 02/ 15-16 22-09-15 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷം 200000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക (ഡി.ഡി നമ്പർ 522035/17-09-2015) ഹോംകോ,പാതിരപ്പള്ളി,ആലപ്പുഴ എന്ന സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാലിതുവരെ സ്ഥാപനത്തിൽ നിന്നും മരുന്ന് ആയുർവേദ ആശുപത്രിക്ക് ലഭിച്ചിട്ടില്ല.

(ബി) പ്രോജക്ട് നമ്പർ - എസ് 0052/17 (palliative care)

| | |
|---|---|
| അടങ്കൽ തുക | - 543500 |
| ചെലവ് തുക | - (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - മെഡിക്കൽ ഓഫീസർ ( PHC) |
| ബിൽ നമ്പർ, തീയതി | - 04/15-16 16-03-16 (85100)02/15-16 29-01-16 (96950) |

പാലിയേറ്റീവ് കെയർ പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷം 543500/- രൂപ വകയിരുത്തിയിരുന്നു. പാലിയേറ്റീവ് കെയർ മരുന്നിനും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കുമായി യഥാക്രമം 85100(ഡി.ഡിനമ്പർ 773852/18-03-16) , 96950 (ഡി.ഡി നമ്പർ 985082/05-02-16) തുകകൾ മാനേജർ, കെ.എം.എസ്.സി.എൽ തിരുവനന്തപുരം, എം.ഡി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവർക്ക് കൈമാറിയിട്ടുണ്ട്. 85100 രൂപ കെ.എം.എസ്.സി.എൽ കൈപ്പറ്റിയതിൽ 70291 രൂപയുടെ മരുന്നാണ് നാളിതുവരെ ലഭ്യമാക്കിയത്. 96950 രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ കൈപ്പറ്റിയെങ്കിലും 62353 രൂപയുടെ മരുന്നാണ് ലഭ്യമാക്കിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച രണ്ട് ബില്ലുകൾ പ്രകാരം കൈമാറിയ തുകയിൽ 49407 (14810+ 34597) രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മരുന്ന് വാങ്ങൽ പദ്ധതികളിൽ ചെലവഴിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം മേൽ സൂചിപ്പിച്ച പദ്ധതികളിൽ ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായി മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താവിന് ഭവന നിർമ്മാണ ധനസഹായം നൽകി- സർക്കാർ സാധൂകരണം തേടേണ്ടതാണ്.

വി.ഇ.ഓ നിർവ്വഹണോദ്യോഗസ്ഥയായി 2015-16 വർഷം നടപ്പിലാക്കിയ ജവഹർ ഭവന പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നമ്പർ 27/15-6) ശ്രീമതി.ആർ.സ്വർണ്ണമ്മ, വലിയവിളാകത്ത് വീട്, നെല്ലനാട് എന്ന ഗുണഭോക്താവിന് 200000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിനെ ഗ്രാമസഭാ തെരഞ്ഞെടുത്തിട്ടില്ല. ഗ്രാമപഞ്ചായത്ത് വി.ഇ.ഓയ്ക്ക് നിർവ്വഹണം നടത്താനായി നൽകിയ ലിസ്റ്റിലും പ്രസ്തുത ഗുണഭോക്താവ് ഉൾപ്പെട്ടിട്ടില്ല. ഭരണസമിതിയുടെ 30-09-15 ലെ IV (7) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടിയാൾക്ക് വി.ഇ.ഓ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചത്. നാലാം വാർഡിലെ തുടർന്ന് നടന്ന ഏതെങ്കിലും ഗ്രാമസഭയിൽ വച്ച് ശ്രീമതി.സ്വർണ്ണമ്മയെ ധനസഹായം അനുവദിച്ച് നൽകാൻ തെരഞ്ഞെടുത്ത നടപടിക്ക് സാധൂകരണം തേടിയിട്ടുമില്ല. തുക അനുവദിച്ച് നൽകിയതിന്റെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഡിഡി നമ്പർ, തീയതി | തുക |
|---|---|---|
| 1 | 982380/31-12-15 | 20000 |
| 2 | 982396/31-12-15 | 60000 |
| 3 | 984560/30-01-16 | 60000 |
| 4 | 984566/ 30-01-16 | 40000 |
| 5 | 774594/22-03-16 | 20000 |
| ആകെ | | 200000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/26-10-16) മറുപടിയായി പ്രസ്തുത ഗുണഭോക്താവിന് തുക അനുവദിച്ച് നൽകിയ നടപടിക്ക് ഇനി നടക്കുന്ന ഗ്രാമസഭയിൽ വച്ച് സാധൂകരണം തേടുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി.

## 3-4 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്- പൊതുഅപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിലും ആസ്തികളുടെ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല.
2. മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉൾപ്പെടുത്തി പഞ്ചായത്തിന്റെ റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല
3. മോണിറ്ററിംഗ് സമിതി യോഗം ചേരാറുണ്ടെങ്കിലും മിനിട്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല
4. 14.07.2007 ലെ G.O(MS) 128//2007/LSGD ഖണ്ഡിക 5.12 പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവയുടെ പരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല
5. സ.ഉ നം.(സാധാ) 165/2010/ത.സ്വ.ഭ.വ തീയതി 16.01.2010 ലെ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സംരക്ഷണയിലുള്ള റോഡുകളുടെ പേര് സൂചിപ്പിക്കുന്ന ബോർഡ്, കൃത്യമായ ദൂരം കാണിക്കുന്ന കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നില്ല.

## 3-5 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2015-16 വർഷം 232 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 147 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. നാളിതുവരെ ഗ്രാമപഞ്ചായത്തിൽ 4778 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 2015-16 ൽ 130 കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. കർഷകരുടെ ഭൂവികസനവും തോടുകളുടെ നവീകരണവുമാണ് പ്രധാനമായും നിർവ്വഹണം നടത്തിയ പദ്ധതികൾ. പൊതു കുളങ്ങളുടെ പുനരുദ്ധാരണം തൻവർഷം ഏറ്റെടുത്തിട്ടില്ല. തൻവർഷം ആസ്തികളൊന്നും സൃഷ്ടിച്ചിട്ടില്ല. ആസ്തികൾ സൃഷ്ടിക്കാനുതകുന്ന പ്രവർത്തികൾക്ക് മുൻഗണന നല്കാൻ വരുംവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെ 24 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 21 എണ്ണത്തിനും സ്വന്തമായി കെട്ടിടമുള്ളവയാണ്. 16 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. ആകെ 12 അങ്കണവാടികളിൽ മാത്രമാണ് കുടിവെള്ള ലഭ്യതയുള്ളത്. വൈദ്യുതീകരിച്ച അങ്കണവാടികളുടെ എണ്ണം 22 ആണ്. ഗ്രാമപഞ്ചായത്തിൽ പനയറം എന്ന സ്ഥലത്ത് ഒരു

ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് സ്കൂളിന് സ്വന്തമായി വാഹനമില്ലാത്തതിനാൽ വാഹനവാടകയിനത്തിൽ 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിലായി 528640 രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ഇപ്രകാരം വലിയ തുക വാഹനവാടക ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നതിനാൽ ബഡ്സ് സ്കൂളിന് സ്വന്തമായി വാഹനം വാങ്ങുന്നതിനെക്കുറിച്ച് ഭരണസമിതി സത്വര നടപടി കൈക്കൊള്ളേണ്ടതുണ്ട്.

## 3-7 ഓഡിറ്റ് ഇംപാക്ട്

എ) ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയത് -തിരികെ ഒടുക്ക് വരുത്തി

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്ലാപ്പെട്ടി അങ്കണവാടി കെട്ടിട നിർമ്മാണം (പ്രോജക്ട് നമ്പ്ര 140/16) എന്ന പ്രവൃത്തിയുടെ സ്ഥലപരിശോധന 31-10-2016 ൽ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. അളവ് പുസ്തകം നം.315 പേജ് നമ്പർ 10 പ്രകാരം Providing and Fixing Name Board in Granite Plank നായി രണ്ട് നെയിംബോർഡുകൾക്കായി 10000 രൂപ കണക്കാക്കി (2@5000) തുക ബിൽ പ്രകാരം മാറിയിരിക്കുന്നു. (ഐറ്റം നമ്പർ 49 ). എന്നാൽ സ്ഥലപരിശോധനയിൽ ഒരു നെയിംബോർഡ് മാത്രമാണ് കാണപ്പെട്ടത്. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റിനെ അറിയിപ്പിനെത്തുടർന്ന് (എൻക്വയറി നമ്പർ 20/31-10-16) നൽകിയ മറുപടിയിൽ നെയിംബോർഡുകളുടെ എണ്ണം രേഖപ്പെടുത്തുന്ന സന്ദർഭത്തിൽ 1 എന്നതിനുപകരം 2 എന്ന് അബദ്ധത്തിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും ഇതുവഴി കരാറുകാരന് അധികമായി നൽകിയ തുക 4740 രൂപ ( 5000 രൂപയിൽ നിന്നും ടെണ്ടർ ബിലോ ആയ 5.2 ശതമാനം കുറവ് വരുത്തിയ തുക) രസീത് നമ്പർ സി-5106736/01-11-16 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കു വരുത്തിയിട്ടുണ്ടെന്നും അസി.എഞ്ചിനീയർ രേഖാമൂലം മറുപടി നൽകി.

ബി) ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഫൈൻ ഒടുക്കു വരുത്തി

| | |
|---|---|
| പ്രോജക്ട്നം,പേര് | - 54/16 (ശാരദാമഠം റോഡ് മണ്ണ് ഫില്ലിംഗ്) |
| അടങ്കൽ തുക | - 600000 |
| പി.എ.സി | - 494236 |
| കരാറുകാരൻ | - ശ്രീ.പി.രത്നാകരൻ |
| പ്രവൃത്തിക്കായി സൈറ്റ് കൈമാറിയ തീയതി | - 30-09-15 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | - 02-03-16 |
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | - 30-12-15 |

മേൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാതിരുന്നതിനാൻ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന നിയമാനുസൃത പിഴ (Rs 4942 ie.1%of PAC) ഈടാക്കാതിരുന്നതിനാൽ ഓഡിറ്റ് എൻക്വയറി (17/31-10-16) നൽകിയതിനെത്തുടർന്ന് പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കി രസീത് നമ്പർ (സി- 5106735/01-11-16) പ്രകാരം ഒടുക്കു വരുത്തി ഓഡിറ്റിനെ രേഖാമൂലം അറിയിച്ചു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 157325 | 157325 | | 0 |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 600000 | 600000 | | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇല്ല | |

## 4-6. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| ഇല്ല | | | | |

# 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2002-03 | 3-5 | കോൺട്രാക്ടറുടെ -കൺവീനറുടെ സ്വന്തം മണ്ണ് കൊണ്ടിട്ട് കുഴികൾ നികത്തുന്ന പണി സംബന്ധിച്ച്- അധികം നൽകിയ തുക നിരാകരിക്കുന്നത് സംബന്ധിച്ച് | ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 13584/FKWC/46 ധന നമ്പർ കത്തിന്റെയും 04-04-1986 ലെ സ്പഷ്ടീകരണവും 77724 FIWC 03/04/Fin 29-05-14 ലെ കത്തും പ്രകാരമാണ് ലീഡും ലിഫ്റ്റും കുറവ് ചെയ്യാത്തതിന്റെ പേരിൽ തുക തടസ്സപ്പെടുത്തിയിരുന്നത്. എന്നാൽ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മറുപടി വിശദമായി പരിശോധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ 14-11-2006 ൽ 14426/C3/04 ധന ആയി സർക്കാരിന് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത തടസ്സവാദങ്ങൾ (58,59 സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് പ്രകാരം ഉള്ളത്) 16-11-2006 ലെ 14/04/24/C3/04 നം ഉത്തരവ് പ്രകാരം സാധൂകരിച്ച് തീരുമാനം എടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമ്രശം ഒഴിവാക്കണമെന്ന് 30-09-2013 ന് കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ XIV(4) നമ്പർ തീരുമാനപ്രകാരം ബഹുമാനപ്പെട്ട കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു |
| 2001-02 | 2001-02 3-32 (1) | കൺവീനർ<br>മൊബിലൈസേഷൻ<br>അഡ്വാൻസ്<br>കൈപ്പറ്റിയെങ്കിലും<br>പണികളൊന്നും<br>നടത്തിയില്ല<br>മൃഗാശുപത്രി നവീകരണം<br>എസ്റ്റിമേറ്റ്തുക- 95000 | 30-09-13 തീയതിയിലെ 11301102700 നമ്പർ രസീത് പ്രകാരം കൺവീനറായ ശ്രീ.പി.എസ്.ഷിബു, ചെയർമാൻ ശ്രീ.ജഗന്നാഥൻ എന്നിവർ ചേർന്ന് 23750 രൂപ ഒടുക്കു വരുത്തിയിട്ടുണ്ട്. രസീതിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കണമെന്ന് 30-09-13 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ XIV (1) നമ്പർ തീരുമാനപ്രകാരം ബഹു.കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | കൺവീനർ- പി.എസ്.ഷിബു<br>ചെക്ക് നം- 601933/27-03-2002<br>(23750) | |
| 2001-02 | 2001-02<br>3-32(2) | കൺവീനർ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പണികളൊന്നും നടത്തിയില്ല<br>ആലന്തറ യു.പി.എസ്സിന് കുടിവെള്ളം<br>എസ്റ്റിമേറ്റ് തുക- 90000<br>കൺവീനർ- ശ്രീ.തുളസീധരൻ<br>ചെക്ക് നം- 601928/27-03-12<br>തുക- 22500 | 2002-03 വർഷം പണി പൂർത്തിയാക്കി അഡ്വാൻസ് തുകയായ 22,500 രൂപ ഫൈനൽ ബില്ലിൽ കുറവ് വരുത്തി. ചെക്ക് നമ്പർ 601966/ 05-08-02, 232046/07-05-02.<br>എം.ബുക്ക് നമ്പ്ര 02/2002-03 ൽ പേജ് നമ്പർ 1 മുതൽ 29 വരെ ടി പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ടി അഡ്വാൻസിന് പ്രവൃത്തി നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കണമെന്ന് 30-09-13 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ XIV (5) നമ്പർ തീരുമാനപ്രകാരം ബഹു.കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ട്. |
| 2001-02 | 2001-02<br>3-32(2) | കമ്പ്യൂട്ടർ പരിശീലന ക്ലാസ് തുടങ്ങിയിട്ടില്ല- വ്യർത്ഥമായ ചെലവ് -169650 | കമ്പ്യൂട്ടർ പരിശീലന ക്ലാസ് തുടങ്ങിയിട്ടില്ല. വ്യർത്ഥമായ ചെലവ് 169650 എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ 30-09-13 ൽ കൂടിയ പഞ്ചായത്ത് താഴെ രേഖപ്പെടുത്തും വിധം തീരുമാനിച്ച<br>പ്രോജക്റ്റിൽ നിഷ്കർഷിച്ച പ്രകാരമുള്ള കമ്പ്യൂട്ടർ പരിശീലന കേന്ദ്രം ഇപ്പോൾ കുടുംബശ്രീ യൂണിറ്റാണ് നടത്തുന്നത്. പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ടി യൂണിറ്റിന് ഇപ്പോൾ വാടക പഞ്ചായത്ത് ഈടാക്കി വരുന്നു. ട്രെയിനിംഗ് നൽകുന്ന പരിശീലകർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകുന്നില്ല. ഓഡിറ്റിന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ മേൽ നടപടി പഞ്ചായത്ത് സ്വീകരിച്ചിരുന്നു. ഇപ്പോൾ ടി പ്രോജക്റ്റ് |

| | | | |
|---|---|---|---|
| | | | വിഭാവനം ചെയ്ത ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. അതനുസരിച്ച് വാങ്ങിയ കമ്പ്യൂട്ടർ ഉപകരണങ്ങളും ഫർണിച്ചറുകളും ഇപ്പോൾ ഉപയോഗിച്ചു വരുന്നു. മേൽ സാഹചര്യത്തിൽ ഓഡിറ്റിലെ പരാമർശം ഒഴിവാക്കണമെന്ന് 30-09-13 ന് കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ XIV (3) നമ്പർ തീരുമാനപ്രകാരം ബഹു.കേരള നിയമസഭ അക്കൌണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 92221256 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64373569 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| |
|---|
| ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | LFTDGP.10/183/04 dated 12-08-14 | 04 | |
| 2002-03 | LFTDGP.10/1389/05 dated 12-08-14 | 06 | |
| 2004-05 | LFTDGP.10/1225/08 dated 12-08-14 | 14 | |
| 2005-06 | LFTDGP.10/1227/08 dated 12-08-14 | 25 | |
| 2006-07 | LFTDGP.10/1228/08 dated 12-08-14 | 16 | |
| 2007-08 | LFTDGP.10/1840/09 dated 12-08-14 | 05 | |
| 2008-09 | LFTDGP.10/1136/11 dated 28-10-11 | 08 | |
| 2009-10 | LFTDGP.10/1410/14 dated 21-10-14 | 04 | |

| | | | |
|---|---|---|---|
| 2010-11 | LFTDGP.10/326/12 dated 06-04-13 | 10 | |
| 2011-12 | LFTDGP.10/629/14 dated 22-04-15 | 21 | |
| 2012-13 | LFTDGP.10/1121/14 dated 29-08-14 | 16 | |
| 2014-14 | KSA.TVM.GP.10/1373/16 dated 01-08-16 | 17 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ് ചെലവ്-കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### ന്യൂനതകളുടെ സംഗ്രഹം

2015–16 സാമ്പത്തിക വർഷം ആസ്തി വിവരം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തിയുടെ മൂല്യം നിർണ്ണയിച്ചിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്